പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1344 — 06-03-2020-ലെ മറുപടിയ്ക്ക്

**കൃഷി നാശത്തിനുള്ള സഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ജെ. മാക്സി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും കാലവർഷംകൊണ്ടുള്ള പ്രളയക്കെടുതി, വേനൽ, ഉരുൾപൊട്ടലുകൾ തുടങ്ങിയവ മൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം, കൃഷി നാശം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ കാലയളവിൽ 2016-ലെ വരൾച്ചയിൽ 875.3451 കോടി രൂപയുടെ നഷ്ടം സംഭവിച്ചു. 45398.86 ഹെ. കൃഷി ഭൂമി നശിക്കുകയും 179142 കർഷകരെ ബാധിക്കുകയും ചെയ്തു. 2017-2018-ലെ തെക്ക്-പടിഞ്ഞാറൻ, വടക്ക്-കിഴക്കൻ മൺസൂൺ കാലയളവിലും പ്രീമൺസൂൺ കാലയളവിലുമായി 74420 ഹെ. കൃഷി ഭൂമി നശിച്ചു. രണ്ട് സാമ്പത്തിക വർഷത്തിലും ലഭിച്ച പ്രാഥമിക വിവര റിപ്പോർട്ടുകൾ പ്രകാരം 1256 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചതായി കണക്കാക്കുന്നു. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രകൃതിക്ഷോഭം മൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19001.84 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷത്തിലെ വേനലിൽ 82 കോടി രൂപയുടെ നഷ്ടം എഫ്.ഐ.ആർ പ്രകാരം കണക്കാക്കിയിട്ടുണ്ട്. 2562 ഹെ. കൃഷിഭൂമി നശിക്കുകയും 7780 കർഷകരെ ബാധിക്കുകയും ചെയ്തു. 2019-2020 സാമ്പത്തിക വർഷത്തിലെ വെള്ളപ്പൊക്കത്തിലും മഴക്കെടുതിയിലും 02/03/2020 വരെയുള്ള എഫ്.ഐ.ആർ കണക്ക് പ്രകാരം 349652 കർഷകരെ ബാധിക്കുകയും 100568.33 ഹെ. കൃഷിഭൂമി നശിക്കുകയും 2268.52 കോടി രൂപയുടെ നഷ്ടം സംഭവിക്കുകയും ചെയ്തു. |
| (ബി) | ഇത്തരത്തിലുണ്ടായ നഷ്ടം വിലയിരുത്തി എത്ര കേന്ദ്രസഹായം ഓരോ വർഷവും ആവശ്യപ്പെട്ടുവെന്നും | (ബി) | പ്രളയനിവാരണത്തിനുള്ള പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൻ കീഴിൽ |

| | | | |
|---|---|---|---|
| | ലഭ്യമായത് എത്രയെന്നും അറിയിക്കാമോ; | | ഹോർട്ടികൾച്ചർ മേഖലയുടെ പുനഃരുദ്ധാരണത്തിന് കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനായി 102.00 കോടി രൂപയുടെ പദ്ധതിയിൽ 93.395 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതമായും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും, ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.<br>കേരളത്തിലുണ്ടായ പ്രകൃതിക്ഷോഭങ്ങൾക്ക് 2016-2017-ൽ SDRF വിഹിതമായി 39.9629 കോടി രൂപയും 2018-2019 സാമ്പത്തിക വർഷത്തിൽ 115.988 കോടി രൂപയും 2019-2020 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 337.46410 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.<br>കൂടാതെ കേന്ദ്ര പദ്ധതികളായ പ്രധാന മന്ത്രി ഫസൽ ബീമ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എന്നീ പദ്ധതികൾ മുഖാന്തിരം ലഭിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| **(സി)** | ഓരോ വിപത്തിലും ഉണ്ടായ കൃഷി നാശത്തിന് നഷ്ടപരിഹാരവും മറ്റു സഹായങ്ങളും ലഭ്യമാക്കാൻ എത്ര കർഷകർ അപേക്ഷിച്ചു എന്നും എത്ര പേർക്ക് സഹായം നൽകി എന്നും എത്ര തുക അതിനായി വിനിയോഗിച്ചു എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ? | **(സി)** | വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

**PMFBY & RWBCIS**

| പദ്ധതി | സീസൺ | പ്രീമിയം സംസ്ഥാനവിഹിതം (രൂപയിൽ) | പ്രീമിയം കേന്ദ്രവിഹിതം (രൂപയിൽ) | അനുവദിച്ച തുക (രൂപയിൽ) | കർഷകരുടെ എണ്ണം |
|---|---|---|---|---|---|
| PMFBY | Rabi 16-17 | 11174108.58 | 11174108.58 | 49229167.94 | 3879 |
| PMFBY | Kharif 17 | 10056288.53 | 10056288.53 | 14842611.37 | 1137 |
| PMFBY | Rabi 17-18 | 10938632.41 | 10938632.41 | 15284870.36 | 1041 |
| RWBCIS | Kharif 2016 | 27240974.41 | 27240974.41 | 179223022.02 | 24895 |
| RWBCIS | Rabi 16-17 | 91200000 | 91200000 | 208881022 | - |
| RWBCIS | Kharif 17 | 33733362.29 | 33733362.29 | 64960243.3 | 17848 |
| RWBCIS | Rabi 17-18 | 43045210.75 | 43045210.75 | 14788899.92 | 18138 |
| PMFBY & RWBCIS | Kharif 18 | 19190597 | 19190597 | 90092362.85 (PMFBY) | 5033 |
| | | | | 63144895.2 (RWBCIS) | 16890 |
| PMFBY & RWBCIS | Rabi 18 | 96369726 | 96369726 | PMFBY Under process | - |
| | | | | 102818589.88 (RWBCIS) | 17424 |
| PMFBY & RWBCIS | Kharif 19 | 19776183 | 19776183 | 45847273.85 (PMFBY) | 3674 |
| | | | | 39176018.71 (RWBCIS) | 5194 |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

### വിള ഇൻഷ്വറൻസ്

| വർഷം | അപേക്ഷിച്ച കർഷകരുടെ എണ്ണം | ധനസഹായം നൽകിയ കർഷകരുടെ എണ്ണം | നൽകിയ തുക (ലക്ഷം) |
|---|---|---|---|
| 2016-2017 | 4000 | 3983 | 159.87 |
| 2017-2018 | 6047 | 5997 | 876.18 |
| 2018-2019 | 29627 | 29394 | 5100 (2019-20 വർഷത്തിൽ നൽകിയത് - 2037 ലക്ഷം) |
| 2019-2020 | 43057 | 37828 | 3523 |

### പ്രകൃതിക്ഷോഭം പദ്ധതി

| വർഷം | അപേക്ഷിച്ച കർഷകരുടെ എണ്ണം | ധനസഹായം നൽകിയ കർഷകരുടെ എണ്ണം | നൽകിയ തുക (ലക്ഷം) |
|---|---|---|---|
| 2016-2017 | 64672 | 60397 | 5323.31 |
| 2017-2018 | 15023 | 15023 | 464.539 |
| 2018-2019 | 225685 | 224132 | 17579 |
| 2019-2020 | 35156 | 13969 | 571.22 |

### SDRF

| വർഷം | അപേക്ഷിച്ച കർഷകരുടെ എണ്ണം | ധനസഹായം നൽകിയ കർഷകരുടെ എണ്ണം | നൽകിയ തുക |
|---|---|---|---|
| 2016-2017 | 87361 | 87303 | 39.9629749 കോടി |
| 2017-2018 | 31612 | 31524 | 6.9028353 കോടി |
| 2018-2019 | 261555 | 261130 | 115.988 കോടി |
| 2019-2020 | 387254 | 18919 | 3.374610 കോടി |

സെക്ഷൻ ഓഫീസർ